ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് മേലുദ്യോഗസ്ഥന്മാക്കാണു്.

ശ്രീ. ടി. കെ. ദിവാകരൻ : അവക്കും ഡിഗ്രി കൊടുത്തിരിക്കുന്ന നിലയ്ക്കു അവർ മറ്റു റഗുലർ സർവീസിനു് അർഹരല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റിയും ഞാൻ ആലോചിക്കുന്നതു്. അവർ പഠിക്കാത്ത കാര്യങ്ങളും അവക്കു പഠിപ്പിക്കാൻ കഴിയുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഈ പുഴുത്തുകുത്തിന്റെ ഫലം എന്നത്തേയ്ക്കു ഉണ്ടാകും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതടുത്തുതന്നെ ഉണ്ടാകും.

കശുഅണ്ടിവ്യവസായ ബോർഡു്.

* 132. [13] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുഅണ്ടി വ്യവസായ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണു് ; സ: സി. അച്യുതമേനോൻ, ജെ. ചിത്തരഞ്ജൻ എന്നിവരെക്കൂടി ബോർഡിലേയ്ക്കു് എടുത്തുകൊണ്ടു് കഴിഞ്ഞ പി. എസ്. പി. മന്ത്രിസഭ ഉത്തരവു് പാസ്സാക്കിയിരുന്നോ ; അവർക്കൂടി ഇന്നു് പ്രസ്തുത ബോർഡിലെ അംഗങ്ങളാണോ ;

(ബി) പ്രസ്തുത ബോർഡു് രൂപീകരിച്ചിരിക്കുന്നതു് എന്തിനാണു്; ഇതുവരെയുള്ള ഈ ബോർഡിന്റെ പ്രവർത്തനംമൂലം വ്യവസായത്തിനു് എന്തു് നേട്ടമുണ്ടായിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കശുഅണ്ടി വ്യവസായ ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരാണു്.

1. ഡയറക്ടർ ആഫ് ഇൻഡസ്ട്രീസ് ആൻഡ് കാമേഴ്സു്.
2. കൃഷി ഡയറക്ടർ.
3. ശ്രീ. എ. തങ്കപ്പൻകുഞ്ഞുമുസലിയാർ.
4. ശ്രീ. എം. എച്ചു്. ഫൗളർ.
5. ശ്രീ. ടി. കെ. ദിവാകരൻ.
6. ശ്രീ. പി. കൃഷ്ണപിള്ള.
7. ശ്രീ. പി. ജി. വർഗ്ഗീസു്.
8. ശ്രീ. കെ. കരുണാകരൻ.

ഡയറക്ടർ ആഫ് ഇൻഡസ്ട്രീസു്, കമ്മറ്റിയുടെ ചെയർമാനായിരിക്കുന്നതാണു്. സഖാവു് സി. അച്യുതമേനോനേയും, ജെ. ചിത്തരഞ്ജനേയും ഈ ബോർഡിലേയ്ക്കു് എടുത്തുകൊണ്ടു് കഴിഞ്ഞ ഗവണ്മെന്റു് ഉത്തരവു് പാസ്സാക്കിയിട്ടില്ല. അവർ ബോർഡിലെ അംഗങ്ങളല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. വ്യവസായശാലയുടെ പ്രവർത്തനവ്യാപ്തി അനുസരിച്ച് നാടൻ കശുഅണ്ടി വിഭജിച്ച് വ്യവസായികൾക്ക് വിതരണംചെയ്യുക.

2. കശുഅണ്ടി വ്യവസായരംഗത്ത് ആവശ്യമെന്നു തോന്നുന്ന പുരോഗമനപരമായ മറ്റു നടപടികളും സ്വീകരിക്കുക.

ഈ ബോർഡ് അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള : ശ്രീ. അച്യുതമേനോനേയും, സഖാവ് ചിത്തരഞ്ജനേയും ബോർഡിലേയ്ക്ക് മുൻ ഗവണ്മെന്റ് എടുത്തിരുന്നില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എടുത്തിട്ടില്ല എന്നു് ഞാൻ പറഞ്ഞു.

എസ്സ്. എസ്സ്. എൽ. സി. പരീക്ഷാ വിജയശതമാനം.

* 133. [14] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇക്കൊല്ലത്തെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം എന്തു് ;

(ബി) പ്രസ്തുത വിജയശതമാനത്തെക്കാളും കുറഞ്ഞ വിജയശതമാനമുള്ള ഹൈസ്കൂളുകളുടെ എണ്ണമെത്ര ; ഏതെല്ലാം ;

(സി) ഏറ്റവും കൂടുതൽ വിജയശതമാനമുള്ള സ്കൂൾ ഏതു് ; ഏറ്റവും കുറഞ്ഞ വിജയശതമാനമുള്ള ഹൈസ്കൂൾ ഏതു് ;

(ഡി) സ്റ്റേറ്റിലെ വിജയശതമാനത്തെക്കാളും വളരെ കുറഞ്ഞ വിജയശതമാനമുള്ള സ്കൂളുകളിൽ അങ്ങിനെ സംഭവിക്കാനുണ്ടായ കാരണങ്ങളും ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി നടത്തി ;

(ഇ) ആറങ്ങൽ സ്കൂളിലെ വിജയശതമാനത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 44·2 ശതമാനം;

(ബി) 237. ലിസ്റ്റ് * മേശപ്പുറത്തു് വച്ചിട്ടുണ്ടു്;

(സി) ഏറ്റവും കൂടുതൽ വിജയശതമാനമുള്ള സ്കൂൾ സെൻറ് മൈക്കിൾസ് ഹൈസ്കൂൾ, പ്രവിത്താനം, (പ്രൈവറ്റ്) ഏറ്റവും കുറഞ്ഞ വിജയശതമാനമുള്ള സ്കൂൾ സെൻറ് മേരീസ് ഹൈസ്കൂൾ, വെട്ടുകാട്, തിരുവനന്തപുരം (പ്രൈവറ്റ്);

(ഡി) ഉണ്ടു്. ഇക്കൊല്ലത്തെ വിജയശതമാനം കുറവായതിനു് ഉത്തരവാദികളായ അദ്ധ്യാപികാദ്ധ്യാപകന്മാരുടെ മേൽ തക്കതായ നടപടിയും സ്വീകരിക്കുന്നുണ്ടു്;

(ഇ) ഉണ്ടു്.

* Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly